## 2011-2012 സാമ്പത്തിക വർഷത്തെ ഭരണ റിപ്പോർട്ട്

പരിമിതമായ വിഭവശേഷി ഉപയോഗപ്പെടുത്തി പരമാവധി മികവുറ്റ പ്രവർത്തനം കാഴ്ചവയ്ക്കുവാൻ 2011-2012 സാമ്പത്തിക വർഷത്തിൽ പ്രസ് അക്കാദമി പരിശ്രമിച്ചു. പ്രൊഫഷണൽ രംഗത്തെ മികവു വളർത്താനുള്ള ശിൽപശാലകളും ഇൻസ്റ്റിട്ട്യൂട്ടിലെ കോഴ്സുകളും സാമ്പത്തിക പരിമിതിയ്ക്കിടയിലും ഭംഗിയായി നടത്തുവാൻ ഈ സാമ്പത്തിക വർഷവും സാധിച്ചു.

### ഭരണസമിതി

ശ്രീ.എസ്.ആർ.ശക്തിധരൻ ചെയർമാനായി 22.4.2008 നിലവിൽവന്ന ജനറൽ കൗൺസിൽ അക്കാദമിയെ നയിച്ചുവന്നു. 21.4.2011ൽ കൗൺസിൽ കാലാവധി അവസാനിച്ചു, 27.7.11ൽ ശ്രീ.എസ്.ആർ.ശക്തിധരൻ ചെയർമാൻ സ്ഥാനം രാജിവയ്ക്കുകയും 11.8.11-ലെ സർക്കാർ ഉത്തരവുപ്രകാരം പുതിയ ചെയർമാനായി ശ്രീ.എൻ.പി.രാജേന്ദ്രൻ ചാർജെടുക്കുകയും ചെയ്തു. ചെയർമാൻ, സർവ്വശ്രീ. കെ.സി.രാജഗോപാൽ (വൈസ് ചെയർമാൻ), എം.എസ്.രവി, എൻ.രാജേഷ്, സി.എൻ.മോഹനൻ, ബിജു വർഗീസ്, പി.പി.സണ്ണി, കക്കോടൻ മുഹമ്മദ്, വി.എ.സലിം, ജെ.എസ്.ഇന്ദുകുമാർ, കെ.എം.റോയ്, ടി.ആർ.മധുകുമാർ, ഇ.പി.ഷാജുദ്ദീൻ, എം.പി.സൂര്യദാസ്, എസ്.ബിജു, വി.രാജഗോപാൽ, പി.സുജാതൻ, ബേബി മാത്യു, ചെറുകര സണ്ണി ലൂക്കോസ് എന്നിവരാണ് ജനറൽ കൗൺസിലിലെ അംഗങ്ങൾ. പൊതുഭരണ വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് കമ്മീഷണർ ആൻഡ് സെക്രട്ടറി, പബ്ലിക് റിലേഷൻസ് ഡയറക്ടർ, പ്രസ് അക്കാദമി സെക്രട്ടറി എന്നിവരാണ് കൗൺസിലിലെ ഔദ്യോഗികാംഗങ്ങൾ. ചെയർമാൻ, വൈസ് ചെയർമാൻ, പൊതുഭരണ സെക്രട്ടറി, ധനകാര്യവകുപ്പ് സെക്രട്ടറി, അക്കാദമി സെക്രട്ടറി, ശ്രീ.എം.എസ്.രവി, ശ്രീ.എൻ.രാജേഷ് എന്നിവരാണ് നിർവാഹക സമിതി അംഗങ്ങളും.

റിപ്പോർട്ട് കാലയളവിൽ ജനറൽ കൗൺസിൽ ഒരുതവണയും നിർവാഹക സമിതി രണ്ടു തവണയും യോഗം ചേർന്നു.

ഇൻസ്റ്റിറ്റ്യൂട്ടിലെ കോഴ്സുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ഉപസമിതിയായി അക്കാദമിക് കൗൺസിൽ പ്രവർത്തിക്കുന്നു. ചെയർമാൻ, സെക്രട്ടറി, ശ്രീ.എ.സഹദേവൻ, ശ്രീ.സി.ഗൗരീദാസൻ നായർ, ശ്രീ.എസ്.ഹരികൃഷ്ണൻ, ശ്രീ.ആന്റണി ജോൺ കെ.ഇ, ശ്രീ.പി.സുജാതൻ, ശ്രീ.പി.എൻ.വേണുഗോപാൽ, ശ്രീ.കെ.രാജഗോപാൻ, ഡോ.പി.കെ.രാജശേഖരൻ, ശ്രീ.ആബെ ജേക്കബ്, ശ്രീ.കെ.സി.നാരായണൻ, ശ്രീ.എസ്.ബിജു, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ലക്ചറർ എന്നിവർ ജേർണലിസം അക്കാദമിക്

കൗൺസിൽ അംഗങ്ങളാണ്. ഡോ.മൈക്കിൾ പുത്തൻതറ, ശ്രീ.ബാബു ജോസഫ്, ശ്രീ.പി.രവീന്ദ്രനാഥ്, ശ്രീ.കെ.കെ.ജയൻ, ശ്രീ.ഫിറോസ് ബാബു, ശ്രീ.പി.നാരായണൻ, ശ്രീ.എം.വി.തോമസ്, ചെയർമാൻ, സെക്രട്ടറി, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എന്നിവർ പി.ആർ. കോഴ്സിന്റെ അക്കാദമിക് കൗൺസിൽ അംഗങ്ങളാണ്. അക്കാദമിയിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ലക്ഷ്യമിട്ട് വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ചു. എല്ലാ കമ്മിറ്റികളുടേയും ചെയർമാൻ അക്കാദമി ചെയർമാനും കൺവീനർ സെക്രട്ടറിയുമാണ്.

1. **കോഴ്സ് മോണിറ്ററിങ്ങ് കമ്മിറ്റി**

ഡയറക്ടർ ശ്രീ.എം.രാമചന്ദ്രൻ, ലക്ചറർ ശ്രീമതി.കെ.ഹേമലത, അസി.സെക്രട്ടറി, ശ്രീ.ഷൈനസ് മാർക്കോസ്, ശ്രീ.പ്രശോഭ് ബാലകൃഷ്ണൻ.

2. **പ്രവർത്തന സ്ഥലത്തെ സ്ത്രീപീഡനം തടയുന്നതിനുള്ള കമ്മിറ്റി**

ഡോ.എം.ലീലാവതി (അദ്ധ്യക്ഷ), അസി.സെക്രട്ടറി, ലക്ചറർ ശ്രീമതി.കെ.ഹേമലത.

3. **സെമിനാർ/അക്കാദമിക് കമ്മിറ്റി**

ശ്രീ.കെ.എം.റോയ്, ശ്രീ.വി.രാജഗോപാൽ, ശ്രീ.എസ്.ബിജു, ശ്രീ.എം.എസ്.രവി, ശ്രീ.വി.എ.സലിം, ശ്രീ.എൻ.രാജേഷ്.

4. **മീഡിയ/വെബ് സൈറ്റ്**

ശ്രീ.ഇ.പി.ഷാജുദ്ദീൻ, ശ്രീ.എൻ.രാജേഷ്, ശ്രീ.എം.പി.സൂര്യദാസ്, ശ്രീ.പി.സുജാതൻ, ശ്രീ.ടി.ആർ.മധുകുമാർ, ശ്രീ.എൻ.മോഹനൻ.

5. **വികസന സമിതി**

ശ്രീ.കെ.എം.റോയ്, ശ്രീ.കെ.സി.രാജഗോപാൽ, ശ്രീ.ജെ.എസ്.ഇന്ദുകുമാർ, ശ്രീ.ചെറുകര സണ്ണി ലൂക്കോസ്, ശ്രീ.ബേബി മാത്യു, ശ്രീ.പി.പി.സണ്ണി, ശ്രീ.ബിജു വർഗീസ്, ശ്രീ.കക്കോടൻ മുഹമ്മദ്.

6. **ദൃശ്യമാധ്യമ സമിതി**

വൈസ് ചെയർമാൻ, ശ്രീ.എസ്.ബിജു, ശ്രീ.ജെ.എസ്.ഇന്ദുകുമാർ, ശ്രീ.ബേബി മാത്യു.

15.12.2011-ൽ നിലവിൽ വന്ന ഈ സമിതികൾ പ്രവർത്തന കാലയളവിൽ ഓരോതവണ യോഗം ചേർന്ന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ തീരുമാനങ്ങൾ കൈക്കൊണ്ടു.

## ഓഫീസ്

1.4.2011 മുതൽ 31.3.2012വരെ ശ്രീമതി.വി.ജി.രേണുക (ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ) സെക്രട്ടറിയായി പ്രവർത്തിച്ചു. ശ്രീ.പി.ആർ.റോയി (ഇൻഫർമേഷൻ ഓഫീസർ, ഐ ആൻഡ് പിആർഡി), 24.11.2011 വരെയും ശ്രീ.സി.അയ്യപ്പൻ (ഇൻഫർമേഷൻ ഓഫീസർ, ഐ ആൻഡ് പിആർഡി), 3.12.2011 മുതലും അസി. സെക്രട്ടറിയായി പ്രവർത്തിച്ചു.

മറ്റു ജീവനക്കാരുടെ വിവരം താഴെ ചേർത്തിരിക്കുന്നു.

1. ശ്രീമതി. മോളി ചാക്കോ (6.9.2011 മുതൽ ഗവ. ആയുർവേദ ഡയറക്ടറേറ്റിൽ നിന്നും ഡെപ്യൂട്ടേഷൻ)

2. ശ്രീ.ഷൈനസ് മാർക്കോസ് (ലൈബ്രറി അസിസ്റ്റന്റ്)
3. ശ്രീമതി.റോസ് എലിസബത്ത് (യു.ഡി.ക്ലാർക്ക്)
4. ശ്രീമതി.കെ.പി.ഗിരിജ (എൽ.ഡി ക്ലാർക്ക്)
5. ശ്രീമതി.ആർ.സുലേഖ (യു.ഡി.ടൈപ്പിസ്റ്റ്)
6. ശ്രീ.എബ്രഹാം വർഗീസ് (ലൈബ്രറി അറ്റൻഡർ)
6. ശ്രീ.വി.നാരായണൻ (പ്യൂൺ)
7. ശ്രീ.കെ.ആർ.റൊണാൾട്ട് (പ്യൂൺ)
8. ശ്രീമതി.കെ.വി.ഷീബ (പ്യൂൺ)
9. ശ്രീമതി.സി.എം.,ആസ്യ (സ്വീപ്പർ)
10. ശ്രീമതി. ലീലാമ്മ തോമസ് (സ്വീപ്പർ)

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ**

11. ശ്രീമതി.കെ.ഹേമലത (ലക്ചറർ, സ്ഥിരം ലക്ചററായി 2.7.2011 മുതൽ പ്രവർത്തിക്കുന്നു)

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിൽ കരാർ അടിസ്ഥാനത്തിൽ ഡയറക്ടറായി ശ്രീ.എം.രാമചന്ദ്രൻ പ്രവർത്തിച്ചു.

## സെമിനാറുകൾ, ശിൽപശാലകൾ

**ദേശീയ മാധ്യമ സെമിനാർ**

ദേശീയ മാധ്യമ ദിനത്തിന്റെ ഭാഗമായി കേരള പ്രസ് അക്കാദമി 2011 നവംബർ 16ന് 'Trends to Media Freedom – The real and the imagined' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. തിരുവനന്തപുരം കേസരി ഹാളിൽ നടത്തിയ സെമിനാർ നവംബർ 16ന് രാവിലെ 10.30-ന് വിവര പൊതുജനസമ്പർക്ക സാംസ്കാരിക ഗ്രാമവികസന വകുപ്പു മന്ത്രി ശ്രീ.കെ.സി.ജോസഫ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പ്രസ് അക്കാദമി ചെയർമാൻ ശ്രീ.എൻ.പി.രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. മീഡിയ ഡെവലപ്മെന്റ് ഫൗണ്ടേഷൻ ആൻഡ് ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം ചെയർമാൻ ശ്രീ.ശശികുമാർ സെമിനാറിൽ

മുഖ്യപ്രഭാഷണം നടത്തി. മലയോള മനോരമ എഡിറ്റോറിയൽ ഡയറക്ടർ ശ്രീ.തോമസ് ജേക്കബ്, മുൻ എം.പിയും മീഡിയ അനലിസ്റ്റുമായ ഡോ.സെബാസ്റ്റ്യൻ പോൾ എന്നിവർ വിഷയം അവതരിപ്പിച്ചു.

**മാധ്യമ ശിൽപശാല**

ഇന്ത്യയിലെങ്ങുമുള്ള മാധ്യമ പ്രവർത്തകർക്ക് സമീപകാലത്ത് ലഭിച്ച എറ്റവും ശക്തിയേറിയ ആയുധമായ വിവരാവകാശ നിയമം ഉപയോഗിക്കാനുള്ള അറിവോ പരിശീലനമോ ലഭിച്ചിട്ടില്ല എന്ന സത്യം ഉൾക്കൊണ്ടുകൊണ്ട് കേരള പ്രസ് അക്കാദമി എക്സിക്യൂട്ടീവ് കൗൺസിൽ എല്ലാ വിഭാഗം മാധ്യമ പ്രവർത്തകർക്കും പ്രയോജനപ്പെടുന്ന വിധത്തിൽ സംസ്ഥാനത്തെ ആറുമേഖലകളിലായി വിപുലമായ വിവരാവകാശ നിയമ ശിൽപശാല നടത്താൻ തീരുമാനമെടുത്തു. ഇതിൽ ആദ്യത്തേത് 2012 മാർച്ച് രണ്ടിന് വെള്ളിയാഴ്ച കോഴിക്കോട്, വയനാട് പ്രസ് ക്ലബുകളുടെ സഹകരണത്തോടെ കോഴിക്കോട് നടത്തി. ശിൽപശാലയിൽ കോഴിക്കോട്, വയനാട് ജില്ലകളിൽ നിന്നുള്ള പത്ര-ടെലിവിഷൻ പ്രവർത്തകരും മാധ്യമ വിദ്യാർത്ഥികളും പങ്കെടുത്തു. കേന്ദ്ര ഊർജവകുപ്പ് സഹമന്ത്രി ശ്രീ.കെ.സി.വേണുഗോപാൽ ശിൽപശാല ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ചെയർമാൻ ശ്രീ.എൻ.പി.രാജേന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. കാലിക്കറ്റ് പ്രസ് ക്ലബ് പ്രസിഡന്റ് ശ്രീ.എം.സുധീന്ദ്രകുമാർ സ്വാഗതവും കേരള പ്രസ് അക്കാദമി എക്സിക്യൂട്ടിവ് അംഗം ശ്രീ.എൻ.രാജേഷ് നന്ദിയും രേഖപ്പെടുത്തി. തുടർന്ന് വിവരാവകാശം - ഒരു മാധ്യമ ഉപകരണം എന്ന വിഷയത്തിൽ അഡ്വ.മരിയയും, മാധ്യമങ്ങളും സൈബർ നിയമങ്ങളും എന്ന വിഷയത്തിൽ ശ്രീ.എസ്.ശ്രീജിത്ത് ഐ.പി.എസ്സും ചർച്ച നയിച്ചു. വിവരാവകാശം - സാധ്യതകളും പരിമിതികളും, വിവരാവകാശം പ്രയോഗത്തിൽ എന്നീ വിഷയങ്ങളിൽ യഥാക്രമം അഡ്വ.ഡി.ബി.ബിനു (ജനറൽ സെക്രട്ടറി, ആർടിഐ ഫെഡറേഷൻ, ശ്രീ.ഷറഫുദ്ദീൻ (സി.എച്ച്.ആർ.ഐ കൺസൾട്ടന്റ്) എന്നിവർ ക്ലാസുകൾ എടുത്തു. ശിൽപശാല ഏറെ പ്രയോജനകരമായിരുന്നുവെന്ന് പങ്കെടുത്ത വിദ്യാർത്ഥികളും മാധ്യമ പ്രവർത്തകരും അഭിപ്രായപ്പെട്ടു.

## വനിതാ മാധ്യമ പ്രവർത്തകർക്ക് സെമിനാർ

ദക്ഷിണേന്ത്യയിലെ മാധ്യമ പ്രവർത്തകർക്കായി ആന്ധ്രാപ്രദേശ് അക്കാദമി, കേരള പ്രസ് അക്കാദമിയുടെയും കർണ്ണാടക മീഡിയ അക്കാദമിയുടേയും സംയുക്താഭിമുഖ്യത്തിൽ 2011 സെപ്തംബർ 21, 22 തീയതികളിൽ തിരുപ്പതി പത്മാവതി മഹിളാ യൂണിവേഴ്സിറ്റി ആഡിറ്റോറിയത്തിൽ "Women in Media – Opportunities, Challenges" എന്ന വിഷയത്തിൽ ദ്വിദിന സെമിനാർ സംഘടിപ്പിച്ചു. കേരളത്തിലെ 12 വനിതാ മാധ്യമ പ്രവർത്തകർ ഈ സെമിനാറിൽ പങ്കെടുത്തു. ശ്രീമതി.ശുഭാ ജോസഫ്, ശ്രീമതി.നിത മേരി ജെയിംസ് (മലയാള മനോരമ), ശ്രീമതി.ആശാ മോഹൻ (കേരള കൗമുദി), ശ്രീമതി.കൃഷ്ണകുമാരി (മാധ്യമം), ശ്രീമതി.ഷബന (തേജസ്), ശ്രീമതി.സെബിൻ കെ. മൻസൂർ (അമൃത ടിവി) ശ്രീമതി.ഹേമലത ആർ (ജീവൻ ടിവി), ശ്രീമതി.ടി.എൻ.സീന (ദേശാഭിമാനി), ശ്രീമതി. ബീനാ റാണി (എ.സി.വി), മിസ്. സിസി ജേക്കബ് (മാതൃഭൂമി), ശ്രീമതി.കെ.എ.ബീന (റിസോഴ്സ് പെഴ്സൺ, ദൂരദർശൻ) എന്നീ മാധ്യമ പ്രവർത്തകരും പ്രസ് അക്കാദമി ചെയർമാൻ ശ്രീ.എൻപി.രാജേന്ദ്രൻ, സെക്രട്ടറി ശ്രീമതി.വി.ജി.രേണുക, അസി.സെക്രട്ടറി ശ്രീ.പി.ആർ.റോയി, സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു.

ആന്ധ്രാപ്രദേശ് പ്രസ് അക്കാദമി ചെയർമാൻ ശ്രീ.തിരുമലഗിരി സുരേന്ദ്രൻ, സെക്രട്ടറി ശ്രീ.നാഗയ്യ കാംബ്ലെ, സ്റ്റാഫ് അംഗങ്ങൾ, ആന്ധ്രാപ്രദേശ് മാധ്യമ പ്രവർത്തകർ, മാധ്യമ വിദ്യാർത്ഥികൾ, കർണ്ണാടക മീഡിയ അക്കാദമി ചെയർമാൻ, സെക്രട്ടറി, മാധ്യമ പ്രവർത്തകർ, പോണ്ടിച്ചേരി മാധ്യമ പ്രവർത്തകർ, പത്മാവതി മഹിളാ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ തുടങ്ങി 200ൽപരം പേർ സെമിനാറിൽ പങ്കെടുത്തു.

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി ഡോ.ഡി.പുരന്തരേശ്വരി സെമിനാർ ഉദ്ഘാടനം ചെയ്തു. ആന്ധ്രാപ്രദേശ് റവന്യൂ വകുപ്പ് മന്ത്രി ഡോ.എൻ.രഘുവീരറെഡ്ഡി, പത്മാവതി മഹിളാ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ശ്രീ.എൻ.പ്രഭാകര റാവു, ആന്ധ്രാപ്രദേശ് അക്കാദമി ചെയർമാൻ ശ്രീ.തിരുമലഗിരി സുരേന്ദ്രൻ, കർണാടക മീഡിയ അക്കാദമി ചെയർമാൻ ശ്രീ.ഡി.പി.പരമേശ്വര, കേരള പ്രസ് അക്കാദമി ചെയർമാൻ ശ്രീ.എൻ.പി.രാജേന്ദ്രൻ, പുതുശ്ശേരി ഇൻഫർമേഷൻ ആൻഡ് പബ്ലിസിറ്റി വകുപ്പ് ഡയറക്ടർ ശ്രീ.എ.ശെൽവരാജ് എന്നിവർ പ്രസംഗിച്ചു. ശ്രീമതി.ആശാ കൃഷ്ണമൂർത്തി (സ്പെഷ്യൽ കറസ്പോണ്ടന്റ്, ഡെക്കാൻ ഹെറാൾഡ്),

ശ്രീമതി.കെ.എ.ബീന (ന്യൂസ് എഡിറ്റർ, ദൂരദർശൻ, തിരുവനന്തപുരം), ശ്രി.രാമു സുരവജുല (ഡീൻ ഓഫ് ഇന്ത്യൻ സകൂൾ ഓഫ് ജേർണലിസം, ഹൈദരാബാദ്), ഡോ.പി.വിജയലക്ഷ്മി (ഡിപ്പാർട്ടമെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം, പത്മാവതി യൂണിവേഴ്സിറ്റി), ശ്രീ.എൻ.പി.രാജേന്ദ്രൻ (ചെയർമാൻ, കേരള പ്രസ് അക്കാദമി), പ്രൊഫ.എം.പി.രാമനമ്മ (കോ-ഓർഡിനേറ്റർ ഓഫ് ദ പ്രോഗ്രാം), പ്രൊഫ.വി.ദുർഗാ ഭവാനി എന്നിവർ ക്ലാസെടുത്തു. തുടർന്ന് വനിതാ മാധ്യമ പ്രവർത്തകർ അവരുടെ പ്രവർത്തന മേഖലയിലെ വ്യത്യസ്തങ്ങളായ അനുഭവങ്ങൾ പങ്കുവയ്ക്കുകയും അവർ നേരിടുന്ന വെല്ലുവിളികളെ തുറന്നുകാട്ടുകയും ചെയ്തു. ശ്രീമതി.ഹേമലത ആർ (ജീവൻ ടിവി), ശ്രീമതി. നിത മേരി ജെയിംസ് (മലയാള മനോരമ) ശ്രീമതി.ടി.എൻ.സീന (ദേശാഭിമാനി) എന്നിവരും മറ്റു വനിതാ മാധ്യമപ്രവർത്തകരും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തി.

സമാപന സമ്മേളത്തിൽ തിരുമല തിരുപ്പതി ദേവസ്വം ചെയർമാൻ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സെമിനാറിൽ അവതിരപ്പിച്ച പ്രബന്ധങ്ങൾ ക്രോഡീകരിച്ച് സുവനീർ പുറത്തിറക്കുകയുണ്ടായി.

## അവാർഡുകൾ

### 1. ചൊവ്വര പരമേശ്വരൻ അവാർഡ്

കൊച്ചിയിലെ ചൊവ്വര പരമേശ്വരൻ സ്മാരക സമിതി പ്രസ് അക്കാദമിയിൽ ഏർപ്പെടുത്തിയ എൻഡോവ്മെന്റ് ആധാരമാക്കി നൽകിവരുന്ന ചൊവ്വര പരമേശ്വരൻ അവാർഡിന് 2010ൽ കർഷകശ്രീ അസി. എഡിറ്റർ ടി.കെ.സുനിൽകുമാർ അർഹനായി. യന്ത്രങ്ങളുമായി തൊഴിലാളി ഹാജർ എന്ന തലക്കെട്ടിൽ കർഷകശ്രീയിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടാണ് സുനിൽകുമാറിനെ അവാർഡിനർഹനാക്കിയത്. മലയാള പത്രങ്ങളിലും ആനുകാലികങ്ങളിലും 2010-ൽ പ്രസിദ്ധീകരിച്ച കാർഷികരംഗത്തെ പ്രശ്നങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടാണ് അവാർഡിനായി പരിഗണിച്ചത്. അവാർഡ്ദാനം പ്രസ് അക്കാദമി ഹാളിൽ നടന്ന ചടങ്ങിൽ എക്സൈയ്സ്, തുറമുഖ വകുപ്പുമന്ത്രി കെ.ബാബു നിർവഹിച്ചു. പ്രസ് അക്കാദമി ചെയർമാൻ ശ്രീ.എൻ.പി.രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ.ബെന്നി ബഹനാൻ എം.എൽ.എ , ശ്രീ.കെ.എം.ഐ മേത്തർ, മാതൃഭൂമി ഡെപ്യൂട്ടി എഡിറ്റർ ശ്രീ.എസ്.കൃഷ്ണൺകുട്ടി,, ശ്രീ.ടി.കെ.സുനിൽകുമാർ, പ്രസ് അക്കാദമി സെക്രട്ടറി ശ്രീമതി.വി.ജി.രേണുക, അസി.സെക്രട്ടറി ശ്രീ.പി.ആർ.റോയി എന്നിവർ പ്രസംഗിച്ചു

ശ്രീ.എസ്.കൃഷ്ണൻകുട്ടി,, ശ്രീ.ടി.കെ.സുനിൽകുമാർ, പ്രസ് അക്കാദമി സെക്രട്ടറി ശ്രീമതി.വി.ജി.രേണുക, അസി.സെക്രട്ടറി ശ്രീ.പി.ആർ.റോയി എന്നിവർ പ്രസംഗിച്ചു.

**വി.കരുണാകരൻ നമ്പ്യാർ അവാർഡ്**

തൃശൂർ എക്സ്പ്രസ് ജേർണലിസ്റ്റ് യൂണിയൻ യശശ്ശരീരനായ വി.കരുണാകരൻ നമ്പ്യാരുടെ സ്മരണാർത്ഥം അക്കാദമിയിൽ എർപ്പെടുത്തിയിട്ടുള്ള കരുണാകരൻ നമ്പ്യാർ അവാർഡിന് മംഗളം കൊച്ചി യൂണിറ്റിലെ റിപ്പോർട്ടർ അനൂബ് ശ്രീധരൻ അർഹനായി. മംഗളം ദിനപത്രത്തിൽ കാർഷികരംഗത്തെ സംബന്ധിച്ച് അനൂബ് തയ്യാറാക്കിയ അറിയുമോ നിങ്ങളിവരെ എന്ന പരമ്പരയ്ക്കാണ് അവാർഡ് ലഭിച്ചത്. ശ്രീ.കെ.വിശ്വനാഥ് (ചീഫ് സബ് എഡിറ്റർ, മാതൃഭൂമി സ്പോർട്സ് മാസിക), എൻ.രാജേഷ് (മാധ്യമം റിപ്പോർട്ടർ) എന്നിവരായിരുന്നു അവാർഡ് നിർണ്ണയ സമിതി അംഗങ്ങൾ. അവാർഡ്ദാനം പ്രസ് അക്കാദമി ഹാളിൽ നടന്ന ചടങ്ങിൽ 2011 ജൂൺ 23-ന് ഗ്രാമ വികസന, വിവര പൊതുജന സമ്പർക്ക വകുപ്പു മന്ത്രി ശ്രീ.കെ.സി.ജോസഫ് നടത്തി. പ്രസ് അക്കാദമി ചെയർമാൻ എസ്.ആർ.ശക്തിധരൻ അദ്ധ്യക്ഷത വഹിച്ചു. ശ്രീ.ബെന്നി ബഹനാൻ എം.എൽ.എ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡയറക്ടർ ശ്രീ.എം.നന്ദകുമാർ ഐ.എ.എസ്, ശ്രീ.എൻ.ശ്രീകുമാർ, സെക്രട്ടറി ശ്രീമതി.വി.ജി.രേണുക, അസി.സെക്രട്ടറി ശ്രീ.പി.ആർ.റോയി എന്നിവർ പ്രസംഗിച്ചു.

**ഡോ.മൂർക്കന്നൂർ നാരായണൻ അവാർഡ്**

2010-ലെ ഡോ.മൂർക്കന്നൂർ നാരായണൻ അവാർഡിന് വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ചുള്ള മികച്ച റിപ്പോർട്ടാണ് പരിഗണിച്ചത്. ദേശാഭിമാനി സീനിയർ റിപ്പോർട്ടറും തൃശൂർ ബ്യൂറോ ചീഫുമായ വി.എം.രാധാകൃഷ്ണൻ 2010 ആഗസ്റ്റിൽ ദേശാഭിമാനി വാരാന്തപ്പതിപ്പിൽ പ്രസിദ്ധീകരിച്ച ബാങ്കിയ ഗബ്രിയേലി എന്ന റിപ്പോർട്ടാണ് 2010-ലെ മൂർക്കന്നൂർ അവാർഡിനായി ഡോ.കെ.ബാബു ജോസഫ്, ശ്രീ.കെ.വി.കുഞ്ഞിക്കണ്ണൻ, ശ്രീ.അൻവർ സാദത്ത് എന്നിവർ അംഗങ്ങളായ സമിതി തെരഞ്ഞെടുത്തത്. അവാർ സമർപ്പണം ബഹു കേന്ദ്ര ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃ കാര്യ മന്ത്രി പ്രൊഫസർ കെ.വി.തോമസ് നടത്തി. അക്കാദമി ചെയർമാൻ ശ്രീ.എൻ.പി.രാജേന്ദ്രൻ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു.

## എൻ.എൻ.സത്യവ്രതൻ സ്മാരക അവാർഡ്

കേരള പ്രസ് അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ മുൻ ഡയറക്ടറും പ്രശസ്ത പത്രപ്രവർത്തകനുമായിരുന്ന എൻ.എൻ.സത്യവ്രതന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ കേരള പ്രസ് അക്കാദമിയിൽ ഏർപ്പെടുത്തിയിട്ടുള്ളതാണ് 10000രൂപയും പ്രശസ്തി പത്രവും അടങ്ങിയ ഈ അവാർഡ്. എല്ലാ വർഷവും മലയാള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന മികച്ച ഹ്യൂമൻ ഇന്ററസ്റ്റ് സ്റ്റോറിക്കാണ് അവാർഡ് നൽകുന്നത്. 2011-ലെ അവാർഡിന് മാതൃഭൂമി റിപ്പോർട്ടർ ശ്രീമതി.രജി ആർ നായരാണ് അർഹയായത്. മാതൃഭൂമി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച അരുൺ ഇനിയും ചിരിക്കും, മൂന്നുപേർക്ക് ജീവന്റെ ദയവായി എന്ന സ്റ്റോറിയാണ് രജിയെ അവാർഡിന് അർഹയാക്കിയത്. ശ്രീ.എൻ.ബാലകൃഷ്ണൻ, ശ്രീ.സിഎം.അബ്ദുൾ റഹ്മാൻ. ശ്രീ.എസ്.ഹരികൃഷ്ണൻ എന്നിവരടങ്ങിയ സമിതിയാണ് സമ്മാനർഹമായ സ്റ്റോറി തെരഞ്ഞെടുത്തത്. അവാർഡ് സമർപ്പണം പ്രസ് അക്കാദമി ഹാളിൽ ചേർന്ന ചടങ്ങിൽ മുൻ നിയമസഭാ സ്പീക്കർ വി.എം.സുധീരൻ നിർവഹിച്ചു. ചടങ്ങിൽ പ്രസ് അക്കാദമി ചെയർമാൻ ശ്രീ.എൻ.പി.രാജേന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. ശ്രീ.എൻ.ബാലകൃഷ്ണൻ, ശ്രീ.കെ.കെ.ജയൻ, ശ്രീമതി.രജി ആർ.നായർ, ശ്രീമതി.വി.ജി.രേണുക, ശ്രീ.സി.അയ്യപ്പൻ എന്നിവർ പ്രസംഗിച്ചു.

## സ്മാരകപ്രഭാഷണം

**കുറൂർ സ്മാരക പ്രഭാഷണം**

സ്വാതന്ത്ര്യ സമരസേനാനിയും പത്രപ്രവർത്തകനുമായിരുന്ന കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ സ്മരണയ്ക്കായി കേരള സ്റ്റേറ്റ് ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷൻ തൃശൂർ ജില്ലാ ഘടകം പ്രസ് അക്കാദമിയിൽ ഏർപ്പെടുത്തിയ എൻഡോവ്മെന്റ് ആധാരമാക്കി നടത്തുന്ന കുറൂർപ്രഭാഷണം നടപ്പുസാമ്പത്തിക വർഷം ആഗസ്റ്റ് 31-ന് രാവിലെ 11 മണിക്ക് തൃശൂർ ജവഹർ ബാലഭവൻ ഹാളിൽ ശ്രീ,എം.തോമസ് മാത്യു നിർവഹിച്ചു. ഈ പരമ്പരയിലെ ഇരുപത്തിയഞ്ചാമത്തെ പ്രഭാഷണ വിഷയം ഇന്ത്യ ഗാന്ധിജിയിൽ നിന്ന് എത്രദൂരം അകലെ എന്നതായിരുന്നു. കേരള സ്റ്റേറ്റ് ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ.പി.ആർ.ബാലൻ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ, അക്കാദമി ചെയർമാൻ ശ്രീ.എൻ.പി.രാജേന്ദ്രൻ, ശ്രീ.ജോയി എം.മണ്ണൂർ എന്നിവർ പ്രസംഗിച്ചു

## സംസ്ഥാന മാധ്യമ അവാർഡ്

2011-ലെ സംസ്ഥാന മാധ്യമ അവാർഡ് വിധിനിർണ്ണയ സമിതികൾ രൂപീകരിച്ച് ലഭിച്ച എൻട്രികൾ വിലയിരുത്തി അവാർഡിനുള്ള എൻട്രികൾ യഥാസമയം സർക്കാരിന് സമർപ്പിച്ചു. ശ്രീ.എസ്.ജയശങ്കർ, ശ്രീ.അനിൽകുമാർ വടവാതൂർ, ഡോ.പി.ബി.ലൽകാർ (ജനറൽ റിപ്പോർട്ടിങ്ങ്), ശ്രീ.ജേക്കബ് കെ.ഈപ്പൻ, ശ്രീ.ടി.ശശിമോഹൻ,. ശ്രീ.ടി.പി.കുഞ്ഞിക്കണ്ണൻ (ഡവലപ്മെന്റ് റിപ്പോർട്ടിങ്ങ്), ശ്രീ.പി.വി.കൃഷ്ണൻ, ശ്രീ.കെ.കെ.ബലരാമൻ, ശ്രീമതി.കെ.എ.ബീന (കാർട്ടൂൺ) ശ്രീ.എൻ.ആർ.എസ്.ബാബു, ശ്രീ.കെ.എസ്.ജോസഫ്, ശ്രീ.അബു ഫൈസി (ന്യൂസ് ഫോട്ടോഗ്രഫി), ശ്രീ.ജേക്കബ് ജോർജ്, ശ്രീ.സണ്ണിക്കുട്ടി എബ്രഹാം, ശ്രീ.സിബി കാട്ടാംപ്പിള്ളി (ടി.വി. റിപ്പോർട്ടിങ്ങ്/ എഡിറ്റിങ്ങ് /ക്യാമറ) എന്നിവരായിരുന്നു അവാർഡ് വിധിനിർണ്ണയ സമിതി അംഗങ്ങൾ.

## മാധ്യമ സ്കോളർഷിപ്പ്

സംസ്ഥാന സർക്കാർ അനുവദിച്ച് 10ലക്ഷം രൂപയുടെ ഫണ്ട് ഉപയോഗിച്ച് കേരള പ്രസ് അക്കാദമി ഏർപ്പെടുത്തിയ മാധ്യമ പഠനഗവേഷണ സ്കോളർഷിപ്പ് ലഭിച്ചവരിൽ ശ്രീ.പി.കെ.വേലായുധൻ, ശ്രീ.വി.പി.സുബൈർ, ശ്രീ.വി.വേണുഗോപാൽ എന്നിവർ പ്രബന്ധം അക്കാദമിയിൽ സമർപ്പിച്ചു, ശ്രീ.എ,സഹദേവൻ, ശ്രീ.കെ.കെ.മധുസൂദനൻ, ഡോ.എം.ലീലാവതി എന്നിവരടങ്ങിയ വിദഗ്ദ്ധ സമിതിയാണ് സ്കോളർഷിപ്പ് രചനകൾ അവലോകനം ചെയ്തു വിലയിരുത്തിയത്. ശ്രീ.പി.കെ.വേലായുധൻ, ദളിത് ജീവിതം മാധ്യമങ്ങളിൽ എന്ന വിഷയത്തിലും, ശ്രീ.വി.പി.സുബൈർ മലയാള പത്രഭാഷ വികാസ പരിണാമങ്ങൾ എന്ന വിഷയത്തിലും ശ്രീ.വി.വേണുഗോപാൽ കുട്ടിയും മാധ്യമങ്ങളും എന്ന വിഷയത്തിലുമാണ് പ്രബന്ധങ്ങൾ സമർപ്പിച്ചത്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ

അക്കാദമിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിലെ വിദ്യാർത്ഥികൾ കേരളത്തിലെ മിക്കവാറും എല്ലാ ദിനപത്രങ്ങളിലും ഒട്ടനവധി വടക്കേ ഇന്ത്യൻ പത്രങ്ങളിലും ഇന്നു പ്രവർത്തിക്കുന്നു. പൊതുമേഖലയിലും സ്വകാര്യമേഖലയിലും പബ്ലിക് റിലേഷൻസ് ആൻഡ് അഡ്വർടൈസിങ്ങ് രംഗത്ത് അക്കാദമി വിദ്യാർത്ഥികൾ പ്രവൃത്തി എടുത്തുവരുന്നു. ജേർണലിസം, പി.ആർ കോഴ്സുകളുടെ 2011 ബാച്ച് ക്ലാസുകൾ 2011 ഒക്ടോബർ 11-ന് ആരംഭിച്ചു. ജേർണലിസത്തിൽ 45ഉം പബ്ലിക്

റിലേഷൻസിൽ 28ഉം വിദ്യാർത്ഥികളുണ്ട്. ഡി.ടി.പി. പരിശീലനം, ഇന്റർനെറ്റ്, കേബിൾ ടി.വി സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. എഡിറ്റ് സ്യൂട്ട് നിലവിൽ വന്നതോടെ ഒരുമാസത്തെ വിഷ്വൽ മീഡിയ പരിശീലനം അക്കാദമിയിൽതന്നെ നൽകാൻ കഴിയുന്നുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾക്കായി 2012 മാർച്ച് 24-ന് 'Women in Media' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. മാധ്യമരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം ഇന്നും വ്യാപകമായി ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന വിഷയങ്ങളിലൊന്നാണ്. പത്രപ്രവർത്തനത്തിന്റെ വഴിത്താരകളിലേയ്ക്ക് വിവിധ കാലഘട്ടങ്ങളിലായി കടന്നുവന്ന ശ്രീമതി.ലീലാ മേനോൻ, ശ്രീമതി.ആർ.പാർവതീദേവി, ശ്രീമതി.കെ.എ.ബീന, ശ്രീമതി.സുസ്മിത എന്നിവർ തങ്ങളുടെ അനുഭവങ്ങളും നിലപാടുകളും വിദ്യാർത്ഥികളുമായി പങ്കുവച്ചു. ചർച്ചയിൽ മലയാള മനോരമ കൊച്ചി ബ്യൂറോ ചീഫ് ശ്രീ.കെ.ഇ.ആന്റണി ജോൺ മോഡറേറ്ററായിരുന്നു.

പ്രഗത്ഭ വ്യക്തികളെ അക്കാദമിയിൽ ക്ഷണിച്ച് ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർത്ഥികൾക്ക് ക്ലാസ് നൽകുന്നതിലന്റെ ഭാഗമായി അഡ്വ. ജയശങ്കർ കേരളത്തിലെ രാഷ്ട്രീയ ചരിത്രത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു. ഇതുകൂടാതെ 23.3.12ൽ നടന്ന ഫെയ്സ് ടു ഫെയ്സ് പരിപാടിയിൽ ശ്രീമതി.കെ.അജിത ശ്രീ.പി.സുജാതൻ നടത്തിയ ഇന്റർവ്യൂവിലൂടെ അവരുടെ ജീവിതാനുഭവങ്ങൾ വിദ്യാർത്ഥികൾക്ക് വിവരിച്ചു.

## ഡിപ്ലോമ വിതരണം

കേരള പ്രസ് അക്കാദമിയുടെ 2010-2011 ബാച്ചിലെ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ 2012 മാർച്ച് ഒന്നിന് വിതരണം ചെയ്തു. വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും പുരസ്കാരങ്ങളും ബഹു. ജസ്റ്റിസ് ശ്രീ.ആർ.ബസന്ത് സമ്മാനിച്ചു. യഥാർത്ഥ മാധ്യമ സ്വാതന്ത്ര്യം തിരിച്ചറിഞ്ഞ് അതു സംരക്ഷിക്കാൻ പുതുതലമുറയിലെ പത്രപ്രവർത്തകർ ശ്രമിക്കണമെന്ന് അദ്ദേഹം പറഞ്ഞു. അക്കാദമി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ അക്കാദമി ചെയർമാൻ ശ്രീ.എൻ.പി.രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. അക്കാദമി സെക്രട്ടറി ശ്രീമതി.വി.ജി.രേണുക, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടർ ശ്രീ.എം.രാമചന്ദ്രൻ, അക്കാദമി വൈസ് ചെയർമാൻ ശ്രീ.കെ.വി.രാജഗോപാൽ, ഇൻസ്റ്റിറ്റ്യൂട്ട് ലക്ചറർ ശ്രീമതി.കെ.ഹേമലത, അക്കാദമി അസി.സെക്രട്ടറി ശ്രീ.സി.അയ്യപ്പൻ

എന്നിവർ പ്രസംഗിച്ചു. ജേർണലിസം കോഴ്സിൽ ഒന്നാം റാങ്ക് നേടിയ ദിൽന മധു, പി.ആർ.കോഴ്സിൽ ഒന്നാം റാങ്ക് നേടിയ വീണ എം.ബി എന്നിവർക്കുള്ള സ്വർണ്ണ മെഡലുകളും രണ്ടാം റാങ്കുകാരായ ഐശ്വര്യ സുമിത്രൻ, ശ്രലേഖ ടി.വി എന്നിവർക്കുള്ള എം.എൻ.ശിവരാമൻ നായർ കാഷ് അവാർഡും ഇഫക്ടീവ് റൈറ്റിങ്ങിൽ മികവു പുലർത്തിയ ദിൽന മധു, വീണ എം.ബി എന്നിവർക്കുള്ള ഡോ.സിപി.മേനോൻ മെമ്മോറിയൽ കാഷ് അവാർഡും ബെസ്റ്റ് ഓൾ റൗണ്ടർ സ്ഥാനം നേടിയ വിപിൻ വി.കെ., ആദില സിമിധ മൂസ എന്നിവർക്കുള്ള ടി.കെ.ജി.നായർ കാഷ് അവാർഡും ജസ്റ്റിസ് വിതരണം ചെയ്തു.

## നോൺ-ലീനിയർ എഡിറ്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സ്

അക്കാദമിയിൽ പുതുതായി സജ്ജീകരിച്ച എഡിറ്റ് സ്യൂട്ട് ഉപയോഗപ്പെടുത്തി എഡിറ്റിംഗിൽ പുതിയ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു. ഇതിന്റെ ആദ്യ ബാച്ചിൽ ഒൻപത്പേർ ചേർന്നു. ക്ലാസുകൾ 2011 ആഗസ്റ്റ് ഒന്നിന് ആരംഭിച്ച് ഫെബ്രുവരിയിൽ അവസാനിച്ചു. ജീവൻ ടി.വി, വിക്ടേഴ്സ് ചാനൽ, ജയ്ഹിന്ദ് ടി.വി. എന്നിവിടങ്ങളിൽ ഒരുമാസത്തെ ഇന്റേൺഷിപ്പ് നൽകുകയും ചെയ്തു. പരീക്ഷയെഴുതിയ ഒൻപത് പേരിൽ രണ്ട്പേർക്ക് ഫസ്റ്റ് ക്ലാസും മൂന്ന് പേർക്ക് സെക്കൻഡ് ക്ലാസും നാല്പേർക്ക് തേർഡ് ക്ലാസും ലഭിച്ചു.

## കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സ്

നടപ്പു സാമ്പത്തിക വർഷം കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സ് ക്രമമായി നടന്നുവന്നു. മോണിംഗ്, ഈവനിംഗ് ബാച്ചുകളെ കൂടാതെ 2011 ജൂലായ് മുതൽ സൺഡേ ബാച്ച് ക്ലാസുകൾ തുടങ്ങി. ഒരു ബാച്ച് തുടങ്ങാനാണ് ഉദ്ദേശിച്ചതെങ്കിലും അപേക്ഷകരുടെ ബാഹുല്യം നിമിത്തം 30 വീതമുള്ള രണ്ടു ബാച്ചുകൾ അടങ്ങിയ സൺഡേ ബാച്ചാണ് ആരംഭിച്ചത്. ഇതിന്റെ ക്ലാസുകൾ 2012 മാർച്ച് നാലിന് കഴിഞ്ഞു.

## മീഡിയ

കുറെക്കാലമായി മുടങ്ങിക്കിടന്ന അക്കാദമി പ്രസിദ്ധീകരണം മീഡിയ വീണ്ടും രജിസ്ട്രേഷൻ പുതുക്കി പുറത്തിറക്കാൻ നടപടികൾ സ്വീകരിച്ചത് ഈ കൗൺസിലിന്റെ കാലത്തെ പ്രധാന നേട്ടമാണ്. മാധ്യമ രംഗത്തെ സംബന്ധിച്ച് വിവിധ പത്രമാസികകളിൽ വരുന്ന ലേഖനങ്ങളും മറ്റും സമാഹരിച്ച് അക്കാദമി പ്രസിദ്ധപ്പെടുത്തിയിരുന്ന മീഡിയയുടെ രൂപവും ഉള്ളടക്കവും മാറ്റി. പുതിയ മീഡിയയിൽ സ്വതന്ത്രലേഖനങ്ങളും പഠനങ്ങളും മാധ്യമ രംഗത്തെ സംഭവവികാസങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകളുമാണ് പ്രസിദ്ധീകരിക്കുന്നത്. വിവിധ സ്ഥാപനങ്ങൾ മീഡിയയ്ക്ക് തങ്ങളുടെ സ്ഥാപനത്തിന്റെ പരസ്യം നൽകാനായി രംഗത്തുവന്നിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള പ്രിന്റ് മീഡിയയിലും ദൃശ്യമാധ്യമത്തിലും പ്രവർത്തിക്കുന്ന അക്കാദമിക് രംഗത്തും മാധ്യമ പ്രവർത്തന രംഗത്തും ജോലിചെയ്യുന്ന അറിവും അനുഭവവുമുള്ള വ്യക്തികളെ ഈ പ്രസിദ്ധീകരണത്തിൽ അണി നിരത്താനാണ് ഉദ്ദേശിക്കുന്നത്. രംഗത്തുനിന്ന് വിരമിച്ചവർ അവരുടെ കാലത്തെ കുറിച്ച് ഓർക്കുന്ന പംക്തി ലോക മാധ്യമരംഗത്തെ അതിശയകരമായ മാറ്റം വിവരിക്കുന്ന പംക്തികൾ, പുതിയ സാങ്കേതിക വിദ്യകളിലൂടെയുള്ള ഓട്ടപ്രദക്ഷിണം, സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള പുത്തൻ പ്രതിഭാസങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ എന്നിവ മീഡിയയുടെ പ്രത്യേകതകളായിരിക്കും. ഇതിന്റെ ആദ്യലക്കം ഏപ്രിലിൽ പ്രകാശനം ചെയ്ത് പുറത്തിറക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ചെയർമാൻ ശ്രീ.എൻപി.രാജേന്ദ്രൻ എഡിറ്ററായുള്ള പത്രാധിപ സമിതിയിൽ ശ്രീ.ഇ.പി.ഷാജുദ്ദീൻ, ശ്രീ.എൻ.രാജേഷ്, ശ്രീ.എം.പി.സൂര്യദാസ്, ശ്രീ.പി.സുജാതൻ, ശ്രീ.ടി.ആർ.മധുകുമാർ, ശ്രീ.സി.എൻ.മോഹനൻ എന്നിവർ അംഗങ്ങളാണ്.

## ലൈബ്രറി

നടപ്പുസാമ്പത്തിക വർഷം ഒരുലക്ഷം രൂപയുടെ പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു. നിലവിൽ 5715 ബുക്കുകളുടെ ശേഖരവുമായി ലൈബ്രറി മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. ലൈബ്രറി കമ്പ്യൂട്ടറൈസേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## മറ്റു വികസന പ്രവർത്തനങ്ങൾ

അക്കാദമിയിലെ കോൺഫറൻസ് ഹാൾ ഒരു ഹാൾ ഓഫ് ഫെയിം ആയി രൂപാന്തരപ്പെടുത്തണമെന്ന ആശയത്തിലൂന്നി കഴിഞ്ഞ കൗൺസിലിന്റെ കാലത്ത് തീരുമാനമെടുത്ത മൺമറഞ്ഞ പത്രാധിപ പ്രതിഭകളായ കാമ്പിശ്ശേരി കരുണാകരൻ, സി.എച്ച്.മുഹമ്മദ്കോയ, വി.കരുണാകരൻ നമ്പ്യാർ, കെ.സുകുമാരൻ, കെ.സി.മാമ്മൻ മാപ്പിള, കെ.എം.മാത്യു എന്നിവരുടെ ഛായാചിത്രങ്ങൾ അക്കാദമിയുടെ കോൺഫറൻസ് ഹാളിൽ ഏപ്രിൽ മാസത്തിൽ അനാഛാദനം ചെയ്യാൻ ത്വരിത നടപടികൾ സ്വീകരിച്ചു

പത്രപ്രവർത്തന രംഗത്ത് സമഗ്ര സംഭാവനകൾ നൽകിയ വ്യക്തികളെ ആദരിക്കാൻ കൗൺസിൽ തീരുമാനമനുസരിച്ച് ശ്രീ.ബി.ആർ.പി.ഭാസ്കർ, ശ്രീ.കെ.ജി.പരമേശ്വരൻ നായർ, ശ്രീ.ഇ.വി.അച്യുതവാരിയർ, ശ്രീ.ജി.പ്രിയദർശനൻ, ശ്രീ.കെ.ജി.പൗലോസ് എന്നിവരെ ആദരിക്കാൻ തീരുമാനിച്ചു.

2011-2012 സാമ്പത്തിക വർഷം അക്കാദമിക്ക് 17749858രൂപയുടെ വരവും 24218288രൂപ ചെലവുമുണ്ടായി. ഇതിൽ 6468430രൂപ സംസ്ഥാന സർക്കാർ ഗ്രാന്റായി ലഭിച്ചു. പുതുതായി അനവധി വികസന പ്രവർത്തനങ്ങൾക്ക് നടപ്പുസാമ്പത്തിക വർഷം അക്കാദമി തുടക്കം കുറിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ഇവ പൂർത്തീകരിക്കാൻ കഴിയുമെന്നുള്ള പ്രതീക്ഷയിലാണ് പ്രസ് അക്കാദമി.

..........................